**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5773** **16-03-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ വെക്ടർ കൺട്രോൾ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ വെക്ടർ കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) | 14 ജില്ലകളിലും വെക്ടർ കൺട്രോൾ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിലെ വെക്ടർ കൺട്രോൾ യൂണിറ്റിൽ എത്ര സ്ഥിരം/താൽക്കാലിക/കരാർ ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | സ്ഥിരം ജീവനക്കാർ - 82<br>ബയോളജിസ്റ്റ് -1<br>അസിസ്റ്റന്റ് എന്റമോളജിസ്റ്റ്-1<br>ഹെൽത്ത് സൂപ്പർവൈസർ -1<br>ഹെൽത്ത് ഇൻസ്പെക്ടർ-2<br>ഇൻസെക്ട് കളക്ടർ-2<br>ഫീൽഡ് അസിസ്റ്റന്റ് -11<br>ഫീൽഡ് വർക്കർ-57<br>ലാബ് ടെക്നീഷ്യൻ -1<br>ജൂനിയർ ലാബ് ടെക്നീഷ്യൻ-1<br>ഡ്രൈവർ -1<br>ക്ലാർക്ക്-1<br>ക്ലാർക്ക് ടൈപ്പിസ്റ്റ്-1<br>ഓഫീസ് അറ്റൻഡന്റ്-1<br>പി.റ്റി.എസ് -1<br>**താൽകാലിക നിയമനം 46**<br>കണ്ടിജന്റ് വർക്കർ<br>(90 ദിവസത്തേക്കുള്ള നിയമനം)- 46 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഓഫീസിൽ ഫീൽഡ് വർക്ക് ചെയ്യുന്നവർ കൃത്യ സമയത്തുതന്നെ റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ഫീൽഡ് വർക്ക് ചെയ്യുന്ന ജീവനക്കാർ കൃത്യസമയത്തുതന്നെ റിപ്പോർട്ടുകൾ ഓഫീസിൽ സമർപ്പിക്കാറുണ്ട്. |
| (ഡി) | പ്രസ്തുത ഓഫീസിലെ പ്രവൃത്തി സമയവും മറ്റ് ജില്ലകളിലെ ഓഫീസുകളിലെ പ്രവൃത്തി സമയവും തമ്മിൽ വ്യത്യാസമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ഡി) | പൊതുവായി രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയും നഗരപരിധിയിൽ സ്ഥിതിചെയ്യുന്ന ഓഫീസുകളിൽ രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെയുമാണ് ഓഫീസ് പ്രവൃത്തിസമയം |
| (ഇ) | വെക്ടർ കൺട്രോൾ യൂണിറ്റിൽ ബയോമെട്രിക് പഞ്ചിങ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ഇ) | ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടില്ല. ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം ആക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ